**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **02-02-2026 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണവും ജനക്ഷേമവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനൊപ്പം പൊതുജനങ്ങളുടെ ക്ഷേമവും സംരക്ഷണവും മുൻനിർത്തിയുള്ള ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വനംവകുപ്പ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നത് തടയുന്നതിനുവേണ്ടി ഏതെല്ലാം തരത്തിലുള്ള ആധുനിക പ്രതിരോധ സംവിധാനങ്ങളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ; | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ വനാശ്രിത വിഭാഗങ്ങളിൽ നിന്നും വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തി ഗോത്ര സമൂഹങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് നിലവിലെ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (സി) | അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനൊടൊപ്പം പൊതുജനങ്ങളുടെ ക്ഷേമവും സംരക്ഷണവും മുൻനിർത്തി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയം സന്നദ്ധമായി ആദിവാസിയിതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി RKDP, KIIFB എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന നാമധേയത്തിൽ സർക്കാർ നടപ്പിലാക്കി വരുന്നു.

നാളിതുവരെ മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം 151.50 കോടി രൂപ ചെലവഴിച്ച് 1134 കുടുംബങ്ങളെ വനാന്തരങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. KIIFB പദ്ധതിയിലൂടെ 253 കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 240 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.50 ലക്ഷം വീതവും ഇതിനകം നല്കിയിട്ടുള്ളതാണ്. KIIFB Phase I & II പദ്ധതി മുഖേന നവകിരണം പദ്ധതിക്കായി 55.95 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

RKDP പദ്ധതിയിലൂടെ 633 കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 8 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.50 ലക്ഷം വീതവും നൽകിയിട്ടുള്ളതാണ്. RKDP പദ്ധതി മുഖേന നവകിരണം പദ്ധതിക്കായി 95.55 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

2. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് - ട്രാൻഷെ 27 ൽ ഉൾപ്പെടുത്തി 6 റാപിഡ് റെസ്പോൺസ് ടീമുകളുടെയും വെറ്ററിനറി എമർജൻസി ടീമുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 1809.32 ലക്ഷം രൂപ വകയിരുത്തുകയും അഞ്ചൽ, ദേവികുളം, ഒലവക്കോട്, ചന്തക്കുന്ന്, ആറളം, കുപ്പാടി എന്നിവിടങ്ങളിൽ 6 റാപിഡ്

റെസ്പോൺസ് ടീമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1738.26 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് - ട്രാൻഷെ 30-ൽ ഉൾപ്പെടുത്തി പീരുമേട് റാപിഡ് റെസ്പോൺസ് ടീമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 607 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് - ട്രാൻഷെ 30 ൽ ഉൾപ്പെടുത്തി പറമ്പിക്കുളം-വയനാട് ലാൻഡ്സ്കേപ്പിൽ ഹാബിറ്റാറ്റ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 2532.86 ലക്ഷം രൂപ വകയിരുത്തുകയും മേൽ പ്രവൃത്തികൾക്കായി 302.17 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പെരിയാർ ലാൻഡ്സ്കേപ്പിൽ ഹാബിറ്റാറ്റ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 1518.44 ലക്ഷം രൂപ നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും വകയിരുത്തുകയും 354.76 ലക്ഷം രൂപ മേൽ പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

55 ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 5112.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സ.ഉ. (സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്റർ (SFEOC), ഡിവിഷൻതലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 251/2025/DMD തീയതി 19/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി വാഹനവും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ.(സാധാ) നം. 265/2025/DMD തീയതി 23/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമേ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ സ.ഉ. (സാധാ) നം. 297/2025/DMD തീയതി 06/05/2025 പ്രകാരവും ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും ജനക്ഷേമവും മുൻനിർത്തി 12 വിഷയാധിഷ്ഠിത മിഷനുകൾ 1) മിഷൻ ഫുഡ്, ഫോഡർ & വാട്ടർ, 2) മിഷൻ സോളാർ ഫെൻസിംഗ്, 3) മിഷൻ വൈൽഡ് പിഗ്, 4) മിഷൻ സർപ്പ, 5) മിഷൻ പ്രൈമറി റെസ്പോൺസ് ടീം, 6) മിഷൻ റിയൽ ടൈം മോണിറ്ററിംഗ്, 7) മിഷൻ ട്രൈബൽ നോളജ് (ഗോത്രഭേരി), 8) മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്, 9) മിഷൻ സയൻസ് ഓൺ ഹ്യൂമൻ വൈൽഡ് - ലൈഫ് കോൺഫ്ലിക്റ്റ്, 10) മിഷൻ ബോണറ്റ് മക്കാക്ക്, 11) മിഷൻ മഞ്ഞക്കൊന്ന & 12) മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും എന്നിങ്ങനെ രൂപീകരിച്ചിട്ടുണ്ട്.

## അനുബന്ധം - 2

KIIFB ഫണ്ട് ഉപയോഗിച്ച് ദ്രുത കർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ) 4642 തിരകൾ എന്നിവ വാങ്ങിയിട്ടുണ്ട്. കൂടതെ 25 വീതം വാഹനങ്ങൾ, നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, പവർ സോകൾ, കടുവ, പുലി തുടങ്ങിയ മൃഗങ്ങളെ പിടികൂടുന്നതിനായി ആധുനിക സംവിധാനത്തോട് കൂടിയ സ്മാർട്ട് കേജുകൾ (15 Nos), 20 റേഡിയോ കോളറുകൾ (ആന&കടുവ), 15 ട്രാൻകിലൈസറുകൾ, 43 ഡ്രോണുകൾ എന്നിവ വാങ്ങുന്നതിനായി വിവിധ കമ്പനികൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. അതോടൊപ്പം AI സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള (267 Nos) മുന്നറിയിപ്പ് സംവിധാനങ്ങൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പന്ത്രണ്ട് മിഷനുകളുടെ ഭാഗമായ **Mission Real Time Monitoring** എന്ന മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിച്ച് വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി തിരിച്ചറിഞ്ഞ് ആവശ്യമായ മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി വനം വകുപ്പും ടാറ്റാ മോട്ടേഴ്സ് ലിമിറ്റഡും ടാറ്റാ കമ്മ്യൂണിക്കേഷൻ ലിമിറ്റഡും ചേർന്ന കോർ ടീമാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ധാരണാപത്രം 20/01/2026-ന് ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെയും പെരിയാർ ടൈഗർ റിസർവിലെയും തിരഞ്ഞെടുത്ത മേഖലകളിൽ നിരീക്ഷണ ഉപകരണങ്ങളും ഗേറ്റ്‌വേകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ MSTrIPES മോണിറ്ററിംഗ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകൾ, ഡ്രോണുകൾ, AI സ്മാർട്ട് ഫെൻസിംഗ് സംവിധാനം, SARPA മൊബൈൽ ആപ്പ് എന്നിവയും വിവിധ മേഖലകളിൽ വിനിയോഗിച്ചുവരുന്നു. വന്യമൃഗ സാന്നിധ്യം സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നതിനായി ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, SMS അലർട്ട് സംവിധാനം, പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന വാട്ട്സ്ആപ്പ് കൂട്ടായ്മകൾ എന്നിവയും

നിലവിലുണ്ട്. വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഇവ ദുരന്തനിവാരണ വകുപ്പിന്റെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ഏകോപിച്ച് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിച്ചുവരുന്നു.

# അനുബന്ധം - 3

പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിൽപ്പന നടത്തി പരമാവധി പ്രയോജനം വനാശ്രിത ആദിവാസി സമൂഹത്തിനു തന്നെ തിരികെ ലഭിക്കത്തക്ക രീതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വനശ്രീ. തടിയേതര വിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ നിർവ്വഹിക്കുന്നതിന് വന സംരക്ഷണ സമിതികളുടേയും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വന പ്രദേശത്തെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക മുതലായ ലക്ഷ്യങ്ങളാണ് വനശ്രീയിലൂടെ നിറവേറ്റുന്നത്. തിരുവനന്തപുരം, മലയാറ്റൂർ വന വികസന ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ നിലവിൽ 82 വനശ്രീ ഔട്ട്ലെറ്റുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്.

2. വനശ്രീ ഇക്കോഷോപ്പുകളുടെ നടത്തിപ്പിൽ പങ്കാളികളാക്കുന്നത് വഴി, വനം വകുപ്പ് വനാശ്രിത സമൂഹങ്ങൾക്ക് അധിക തൊഴിൽ നൽകുന്നു. വനശ്രീ ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനം കേരള വനം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വനാശ്രിതർ ശേഖരിക്കുന്ന ഏറ്റവും മികച്ച ഗുണനിലവാരമുള്ള വിഭവങ്ങൾ പൊതുജനങ്ങൾക്ക് vanasree.in എന്ന വെബ് സൈറ്റിലൂടെ വാങ്ങാവുന്നതാണ്. വന ഗുണമേന്മയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരള വനം വകുപ്പിന്റെ വനശ്രീ ഉൽപന്നങ്ങൾക്ക് രാജ്യത്തെമ്പാടും ആവശ്യക്കാർ ഉണ്ട്. ഇത്തരം നൂതന മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം വനവകുപ്പ് വനാശ്രിത ഗോത്രസമൂഹത്തിന്റെ ഉന്നമനത്തിനായി ചെലവഴിക്കുന്നു.